<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2775</u> <u>13-12-2022 - ൽ മറുപടിയ്ക്ക്</u>

<u>ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് ഒരു ബ്രാൻഡഡ് ഉല്പന്നം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഒരു ബ്രാൻഡഡ് ഉല്പന്നം എന്ന പദ്ധതിയുടെ ഭൗതികലക്ഷ്യവും നേട്ടവും വിശദമാക്കാമോ; | (എ) | വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക സാദ്ധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉത്പന്നങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതത് തദ്ദേശ സ്ഥാപനങ്ങൾ ഈ ഉത്പന്നങ്ങളുടെ സാദ്ധ്യത പരിശോധിച്ച് താത്പര്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു തദ്ദേശ സ്ഥാപനം ഒരു ഉത്പന്നം (One local body one product- OLOP) എന്ന ആശയം നടപ്പിലാക്കുവാനും പ്രസ്തുത ഉത്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന് പ്രത്യേക ഭൗതിക ലക്ഷ്യം നിലവിൽ നിർണ്ണയിച്ചിട്ടില്ല എങ്കിലും സംരംഭക വർഷത്തിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കൃത്യമായ ലക്ഷ്യം നൽകികൊണ്ട് കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് മൂന്നു മുതൽ നാലു ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഈ ബൃഹത്തായ ഒരുലക്ഷം സംരംഭങ്ങൾ പദ്ധതി തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു. ഈ പദ്ധതിയുടെ ഭൗതിക ലക്ഷ്യം 2022 ഡിസംബർ 7-ന് സർക്കാർ കൈവരിച്ചിട്ടുണ്ട്. 2022 ഡിസംബർ 9 വരെയുള്ള കണക്ക് പ്രകാരം 1,02,851 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്ത് 6351.41 കോടിയുടെ നിക്ഷേപവും 2,23,467 തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ എത്ര തൊഴിലവസരങ്ങൾ | (ബി) | വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ |

| | | | |
|---|---|---|---|
| | സൃഷ്ടിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ; | | സംരംഭക സാദ്ധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉത്പന്നങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതത് തദ്ദേശ സ്ഥാപനങ്ങൾ ഈ ഉത്പന്നങ്ങളുടെ സാദ്ധ്യത പരിശോധിച്ച് താത്പര്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു തദ്ദേശ സ്ഥാപനം ഒരു ഉത്പന്നം (One local body one product- OLOP) എന്ന ആശയം നടപ്പിലാക്കുവാനും പ്രസ്തുത ഉത്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന് പ്രത്യേക ഭൗതിക ലക്ഷ്യം നിലവിൽ നിർണ്ണയിച്ചിട്ടില്ല എങ്കിലും സംരംഭക വർഷത്തിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കൃത്യമായ ലക്ഷ്യം നൽകികൊണ്ട് കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് മൂന്നു മുതൽ നാലു ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഈ ബൃഹത്തായ ഒരുലക്ഷം സംരംഭങ്ങൾ പദ്ധതി തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു. ഈ പദ്ധതിയുടെ ഭൗതിക ലക്ഷ്യം 2022 ഡിസംബർ 7-ന് സർക്കാർ കൈവരിച്ചിട്ടുണ്ട്. 2022 ഡിസംബർ 9 വരെയുള്ള കണക്ക് പ്രകാരം 1,02,851 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്ത് 6351.41 കോടിയുടെ നിക്ഷേപവും 2,23,467 തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | മാതൃകാപദ്ധതികൾ ഡിജിറ്റൽ ഡോക്യുമെന്റേഷൻ നടത്തി സംസ്ഥാനമൊട്ടാകെ ലഭ്യമാക്കുന്നത് വഴി കൂടുതൽ ആളുകൾ വ്യവസായ രംഗത്തേക്ക് കടന്നുവരുമെന്നതിനാൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (സി) | സംരംഭക വർഷം പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ ഡിജിറ്റൽ ഡോകുമെന്റ് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലകളിലെ മാതൃക പദ്ധതികളുടെ വിവര ശേഖരണം വ്യവസായ വികസന ഓഫീസർമാർ വഴി പുരോഗമിക്കുന്നു. |
| (ഡി) | ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖേന നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br><u>ചെങ്ങന്നൂർ ബ്ലോക്ക്.</u><br><br>2022-23 ജനകീയാസൂത്രണ പദ്ധതി പ്രകാരം എസ്.സി/ജനറൽ വിഭാഗങ്ങളിലായി ഉൽപാദന മേഖലയിൽ 5 സ്വയം തൊഴിൽ സംരംഭങ്ങൾക്കായി |

| | | | |
|---|---|---|---|
| | | | 18.75 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ചെങ്ങന്നൂർ മുനിസിപ്പാലിറ്റി<br><br>ജനകീയാസൂത്രണ പദ്ധതികളുടെ ഭാഗമായി 2022-23 സാമ്പത്തിക വർഷം വനിത-ജനറൽ/എസ്.സി വിഭാഗങ്ങൾക്കായി സ്വയംതൊഴിൽ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. ആകെ 16.25 ലക്ഷം രൂപയുടെ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ